(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയതായി ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യം എന്ന നിലയിൽ നിലവിലെ 225 കിടക്കകളിൽ നിന്ന് 400 കിടക്കകളായി ഉയർത്തുകയും 7 കോടി രൂപ സർക്കാർ ഫണ്ട് ഉപയോഗിച്ച് ബഹുനില കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും റെസ്പിറേറ്ററി, പി.എം.ആർ. സ്കിൻ എന്നീ വിഭാഗത്തിൽ ഓരോ ജൂനിയർ കൺസൾട്ടേന്റുമാരേയും 5 അസിസ്റ്റന്റ് സർജൻ, 5 സ്റ്റാഫ് നഴ്സ്, 1 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾകൂടി അനുവദിച്ച് നിയമനം നടത്തിയിട്ടുണ്ട്.

(സി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

കുട്ടികളുടെ ഡയാലിസിസ് സൗജന്യമാക്കാൻ നടപടി

75 (782) ശ്രീ. എ. എ. അസീസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 18 വയസിന് താഴെയുള്ള കുട്ടികളിൽ വൃക്ക തകരാർമൂലം ഡയാലിസിസ് നടത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര കുട്ടികളാണ് ഡയാലിസിസ് നടത്തി വരുന്നതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) കുട്ടികളുടെ ഡയാലിസിസ് സർക്കാർ, സ്വകാര്യ ആശുപത്രി വ്യത്യാസമില്ലാതെ സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ വൃക്ക തകരാർമൂലം ഡയാലിസിസ് നടത്തുന്നവരുടെ എണ്ണം സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആരോഗ്യ കിരണം പദ്ധതിയിൽ ഡയാലിസിസ് ഉൾപ്പെടുത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

76 (783) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപ്രതികളിൽ നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) ജില്ലയിൽ, സർക്കാർ ആശുപ്രതികളിലെ രോഗികളുടെ വർദ്ധനവിനനുസരിച്ച് ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും ഡോക്ടർമാരുടെ അധിക തസ്തിക അനുവദിക്കേണ്ടതിന്റെ അവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ 54 ഒഴിവുകളാണ് നിലവിലുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു :

അസിസ്റ്റന്റ് സർജൻ	-	40
ജൂനിയർ കൺസൾട്ടന്റ്	-	9
കൺസൾട്ടന്റ്	-	5

(ബി) സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly